# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1916** — **06.02.2019-ൽ മറുപടിക്ക്**

**എൽ.ഡി. ടൈപ്പിസ്റ്റ് റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം**

**ചോദ്യം** — **ഉത്തരം**

ശ്രീ. വി.ടി.ബൽറാം — പിണറായി വിജയൻ, മുഖ്യമന്ത്രി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | 2016 ൽ നിലവിൽ വന്ന എൽ.ഡി. ടൈപ്പിസ്റ്റ് റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെ നിയമനം ലഭിച്ചവരുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കാമോ; ഇത് റാങ്ക് ലിസ്റ്റിലുള്ള ആകെ ഉദ്യോഗാർത്ഥികളുടെ എണ്ണത്തിന്റെ എത്ര ശതമാനമാണെന്ന് വ്യക്തമാക്കാമോ; | (എ) | എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിലേക്ക് നിയമനശിപാർശ നൽകിയ ഉദ്യോഗാർത്ഥികളുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു. (പട്ടിക താഴെ) |
| (ബി) | സംസ്ഥാനത്ത് നിലവിലുള്ള എൽ.ഡി. ടൈപ്പിസ്റ്റ് ഒഴിവുകൾ റിപ്പോർട്ട് ചെയ്യാതിരുന്നത് സംബന്ധിച്ച് പി.ആന്റ്.എ.ആർ.ഡി.-വിജിലൻസ് ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പ്രകാരം റിപ്പോർട്ട് ചെയ്ത ഒഴിവുകൾ എത്ര; ഇത്തരത്തിൽ അന്വേഷണം നടത്തിയിട്ടില്ലെങ്കിൽ ഇത് സംബന്ധിച്ച് അന്വേഷണം | (ബി) | ഇല്ല.എൽ.ഡി.ടൈപ്പിസ്റ്റിന്റെ ഒഴിവുകൾ നിലവിലുണ്ടെങ്കിൽ എത്രയും പെട്ടെന്ന് പി.എസ്.സിയെ അറിയിക്കാൻ വേണ്ട നടപടികൾ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ) വകുപ്പ് കൈക്കൊള്ളുന്നതാണ്. |

| ജില്ല | നിയമനശിപാർശയുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 212 |
| കൊല്ലം | 99 |
| ആലപ്പുഴ | 85 |
| പത്തനംതിട്ട | 58 |
| കോട്ടയം | 91 |
| ഇടുക്കി | 83 |
| എറണാകുളം | 134 |
| തൃശ്ശൂർ | 107 |
| പാലക്കാട് | 97 |
| മലപ്പുറം | 103 |
| കോഴിക്കോട് | 129 |
| വയനാട് | 45 |
| കണ്ണൂർ | 84 |
| കാസർഗോഡ് | 45 |

| | | | |
|---|---|---|---|
| | നടത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ; | | |
| (സി) | ഗ്രാമപഞ്ചായത്തുകളിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകൾ സൃഷ്ടിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ; | (സി) | ഇല്ല. നിലവിൽ പരിഗണനയിലില്ല. |
| (ഡി) | ഇത്തരത്തിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച പ്രപ്പോസൽ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; ഇതിന്മേൽ സ്വീകരിച്ച നടപടികൾ എന്തെന്ന് വ്യക്തമാക്കാമോ; | (ഡി) | ഗ്രാമ പഞ്ചായത്തുകളിൽ എൽ.ഡി.ടൈപ്പിസ്റ്റ് തസ്തിക സൃഷ്ടിക്കണമെന്നാവശ്യപ്പെട്ട് പഞ്ചായത്ത് ഡയറക്ടർ സമർപ്പിച്ച ശിപാർശ വിശദമായി പരിശോധിക്കുകയും ആവശ്യം നിരസിക്കുകയും ചെയ്തിട്ടുണ്ട്. |
| ഇ) | 2016 ൽ നിലവിൽ വന്ന എൽ.ഡി. ടൈപ്പിസ്റ്റ് റാങ്ക് ലിസ്റ്റിൽ നിന്നും പരിമിതമായ നിയമനങ്ങൾ മാത്രം നടന്ന സാഹചര്യത്തിൽ പ്രസ്തുത ലിസ്റ്റിന്റെ കാലാവധി നീട്ടുന്ന കാര്യം പരിഗണിക്കുമോ? | (ഇ) | പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ